**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4764** **01-11-2021 - ൽ മറുപടിയ്ക്ക്**

**ഉളിക്കൽ-അറബി-കോളിത്തട്ട്-പേരട്ട റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര റോഡ് ഫണ്ടിൽ ഉൾപ്പെടുത്തിയ ഉളിക്കൽ-അറബി-കോളിത്തട്ട്-പേരട്ട റോഡിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | കേന്ദ്ര റോഡ് ഫണ്ടിൽ ഉൾപ്പെടുത്തിയ സി.ആർ.എഫ് 2018-19 - ഉളിക്കൽ -അറബി - കോളിത്തട്ട് - പേരട്ട റോഡ് പുനരുദ്ധാരണ പ്രവൃത്തി 65% പൂർത്തീകരിച്ചിട്ടുണ്ട്. ആകെയുള്ള 10 കി.മീറ്ററിൽ 5.4 കി.മീറ്റർ (ഗുഹയുള്ള ഭാഗം ഒഴികെ) ബി.എം. & ബി.സി. പ്രവൃത്തി പൂർത്തിയായി. ബാക്കി ഭാഗത്തിലുള്ള പ്രവൃത്തി പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത റോഡിന്റെ നിർമ്മാണ ഘട്ടത്തിൽ റോഡിൽ ഗർത്തം രൂപപ്പെട്ടതിനാൽ നിർമ്മാണ പ്രവൃത്തി നിർത്തിവെച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | റോഡിന്റെ നിർമ്മാണ ഘട്ടത്തിൽ കണ്ടെത്തിയ ഗർത്തം (ഗുഹ) കാരണം പ്രസ്തുത ഭാഗത്തെ പ്രവൃത്തി തടസ്സപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ ഈ ഗർത്തം അടച്ച് റോഡ് ഗതാഗത യോഗ്യമാക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത റോഡിന്റെ നിർമ്മാണം എത്രയും വേഗം പൂർത്തികരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | റോഡിന്റെ നിർമ്മാണ പ്രവൃത്തി 31-12-2021 നുള്ളിൽ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ